# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1498 03.05.2017- ൽ മറുപടിയ്ക്ക്

### പ്രവാസികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പ്രവാസികളുടെ ക്ഷേമത്തിനായി സ്വീകരിക്കുന്ന നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ ; | എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സാന്ത്വന പദ്ധതി<br>• നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി<br>• 24 മണിക്കൂർ കോൾ സെന്റർ<br>• സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം<br>• പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>• ജോബ് പോർട്ടൽ<br>• നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം<br>• പ്രവാസി നിയമ സഹായ സെൽ<br>• എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്<br>• സ്വപ്ന സാഫല്യം<br>• നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)<br>• വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം<br>• കാരുണ്യം<br>• പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ |

മേൽപ്പറഞ്ഞ പദ്ധതിക്കു പുറമെ, കേരള പ്രവാസി കേരളീയകാര്യ ബോർഡിൽ നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പെൻഷൻ

അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സുവരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും ഓരോ കല്പിത അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചു വരുന്നുണ്ട്. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി നല്കി വരുന്നുണ്ട്.

കുടുംബ പെൻഷൻ

എ) ഒരു അംഗം പെൻഷന് അർഹത നേടിയതിനു ശേഷം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസം കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

ബി) കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപത് ശതമാനം ആയിരിക്കും.

## മരണാനന്തര ധനസഹായം

പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അമ്പതിനായിരം രൂപയും വിദേശത്തു നിന്നും തിരിച്ച വന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും, കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് ഇരുപതിനായിരം രൂപയും മരണാനന്തര ധനസഹായമായി നല്കി വരുന്നുണ്ട്.

## ചികിത്സാ ധനസഹായം

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെയും കല്പിതാംഗങ്ങളുടെയും ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വ കാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നുണ്ട്.

## വിവാഹ ധനസഹായം

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച വരുന്ന കല്പിതാംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ പ്രായ പൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽ നിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ପ്രസവാനുകൂല്യം

- തുടർച്ചയായി രണ്ട് വർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാംഗത്തിന് പ്രസവത്തിന് 3000/- രൂപയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു അംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഗർഭം അലസൽ സംഭവിച്ചിട്ടുള്ള കല്പിതാംഗം ഒഴികെയുള്ള വനിതാംഗത്തിന് 2000 രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ട് തവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വിദ്യാഭ്യാസ ആനുകൂല്യം

രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ അടക്കമുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി 2014-15 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പരമാവധി 4000 രൂപയാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഗ്രാന്റ് തുക.

| | | | |
|---|---|---|---|
| ബി) | ഒഡെപെകിനെ വിവിധ രാജ്യങ്ങളിലെ എംബസികളുമായി ബന്ധപ്പെടുത്തി തൊഴിൽ ലഭ്യതയും മറ്റ് നടപടികളും എളുപ്പത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി) | കൂടുതൽ തൊഴിൽ ലഭ്യത നേടുന്നതിനായി ഒഡെപെക് സൗദി അറേബ്യ, കുവൈറ്റ് എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായി ബന്ധപ്പെട്ട് വരുന്നു. ഈ രാജ്യങ്ങളിലെ ആരോഗ്യ മന്ത്രാലയങ്ങളുമായി ഉടൻ തന്നെ റിക്രൂട്ട്മെന്റ് സംബന്ധിച്ച കരാറിൽ ഏർപ്പെടുന്നതാണ്. |
| സി) | പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ അല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | സി) | പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശരിയായ രീതിയിലാണ് നടക്കുന്നത്. |
| ഡി) | നോർക്കയുമായി ബന്ധപ്പെടുത്തി പ്രവാസികളുടെ പ്രശ്നങ്ങൾ സമയ ബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) | പ്രവാസികൾ വിദേശ രാജ്യങ്ങളിൽ തുടരുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കാര്യത്തിൽ നോർക്ക വകുപ്പ് മുഖേന ഇന്ത്യൻ എംബസിയെ സമീപിച്ച് പ്രശ്ന പരിഹാരം നടത്തി വരുന്നു. കൂടാതെ അവർ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചുകൊണ്ടും പരിഹരിക്കുന്നു. |

സെക്ഷൻ ഓഫീസർ